MONDAY

12/01/2026

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS

Editor : Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)12/01/2026

1. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് 2025 റാബി-II സീസൺ പദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 15 വരെ ദീർഘിപ്പിച്ചു. കാലാവസ്ഥ വ്യതിയാനങ്ങൾ മൂലമുള്ള കൃഷിനാശത്തിൽ നിന്നും കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്നത് ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള സംസ്ഥാന ക്ഷീര സംഗമം "പടവ് 2026" കൊല്ലം ജില്ലയിലെ ആശ്രാമം മൈതാനത്തുവെച്ച് 2026 ജനുവരി 18 മുതൽ 22 വരെയുള്ള തിയ്യതികളിൽ "കേരള ഡയറി എക്സ്പോ" സംഘടിപ്പിക്കുന്നു. ഈ വർഷത്തെ എക്സ്പോയിൽ ക്ഷീരോൽപ്പാദനം, സംസ്കരണ സാങ്കേതികവിദ്യകൾ, പാക്കേജിംഗ് സൊല്യൂഷൻസ്, ഗുണനിലവാര മാനേജ്മെന്റ് സിസ്റ്റംസ്, മൃഗസംരക്ഷണം, ആരോഗ്യ മാനേജ്മെന്റ്, യന്ത്രവൽക്കരണം, ക്ഷീരകർഷക പ്രവർത്തനങ്ങളിലെ

ഓട്ടോമേഷൻ എന്നിവയെ പ്രതിനിധീകരിക്കുന്ന വിപുലമായ ഒരു പ്രദർശനം ഉണ്ടായിരിക്കുന്നതാണ് .

3. നാളികേര വികസന ബോർഡ് തെങ്ങ് കൃഷിയിലും നാളികേരാധിഷ്ഠിത വ്യവസായത്തിലും മികവ് പുലർത്തുന്നവരെ അംഗീകരിക്കുന്നതിനായി രണ്ടു വർഷത്തിലൊരിക്കൽ നല്കി വരുന്ന ദേശീയ അവാർഡുകൾക്ക് അപേക്ഷകൾ ക്ഷണിച്ചു. രാജ്യത്തെ പരമ്പരാഗതമായി തെങ്ങു കൃഷി ചെയ്യുന്ന സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങു കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ് എന്നിങ്ങനെ ആറു വിഭാഗങ്ങളിലായാണ് അവാർഡ് നല്കുക. നാളികേര കൃഷിയുടെയും വ്യവസായത്തിൻറയും മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന പ്രതിഭകളെ പുരസ്കാരം നൽകി ആദരിക്കുക എന്നതാണ് അവാർഡു വിതരണത്തിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

coconutboard.gov.in എന്ന വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ CAITT Vellayani യുടെ ആഭിമുഖ്യത്തിൽ **പഴങ്ങൾ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങളിലെ സസ്യപ്രജനന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ ജനുവരി മാസം 16, 17 തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലന ഫീസ് 3000/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 8891540778, ഇമെയിൽ caittvellayani@kau.in

5. കാർഷിക മേഖലയിലെ സംരംഭകത്വവും തൊഴിൽ സാധ്യതകളും വർധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള കാർഷിക

നമ്മുടെ കൃഷിമെച്ചം, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന സെൻററർ ഫോർ അഗ്രികൾച്ചറൽ ഇന്നൊവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മന്റ് (MANAGE) ഹൈദരാബാദ് എന്നിവയുടെ. സഹകരണത്തോടെ നടപ്പാക്കുന്ന അഗ്രിക്ലിനിക്സ് ആൻഡ് അഗ്രി ബിസിനസ് സെന്റേഴ്സ് (AC&ABC) പദ്ധതിയുടെ ഭാഗമായി 45 ദിവസത്തെ ഓഫ്‌ലൈൻ സൗജന്യ സംരഭക പരിശീലന പരിപാടിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ 25 പേർക്ക് മാത്രമായിരിക്കും പരിശീലനത്തിലേക്ക് പ്രവേശനം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ https://acabcmis.gov.in എന്ന വെബ്സൈറ്റ് മുഖേന 2026 ജനുവരി 24-നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8891540778, 6379484445, 6282832213 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.